മാധ്യമങ്ങളുടെ ഇസ്‌ലാംവേട്ട-2

# മതചിഹ്നങ്ങളുടെ ദുർവ്യാഖ്യാനം

● പ്രഫ. യാസീൻ അശ്റഫ്

**ഏതു പ്രത്യയശാസ്ത്രവും അതിന്റെ വിശ്വാസങ്ങളുമായി ബന്ധപ്പെട്ട് എതിർ പദങ്ങളുപയോഗിക്കും. യഹൂദർ 'ജെന്റൈൽസ്' എന്നും ക്രൈസ്തവർ 'പേയ്ഗൻ', 'അവിശ്വാസി' എന്നും, മാർക്സിസ്റ്റുകാർ 'ബൂർഷ്വാസി', 'പിന്തിരിപ്പൻ' എന്നുമെല്ലാം പ്രയോഗിക്കുന്നതുപോലെ പ്രത്യയശാസ്ത്രപരമായി എതിർപക്ഷത്തുനിൽക്കുന്നവരെ സൂചിപ്പിക്കുന്ന പദങ്ങളാണ് 'കാഫിർ', 'മുനാഫിഖ്' തുടങ്ങിയവ. പലപ്പോഴും അതത് പ്രത്യയശാസ്ത്രക്കാരിൽ തന്നെയുള്ള ചാഞ്ചാട്ടക്കാരെയും നിഷേധികളെയും സൂചിപ്പിക്കാറുണ്ട് ഇത്തരം പദങ്ങൾ. എന്നാൽ സി.ഐ.എ, ഐ.എസ്.ഐ കൂട്ടുകെട്ട് വർഗീയാർഥത്തിലേക്ക് ഇവയുടെ വിവക്ഷ മാറ്റിക്കൊണ്ടാണ് മദ്റസകളിൽ പരിചയപ്പെടുത്തിയത്**

**മതത്തിന്റെ** ഭാഗവും മതാനുയായികളുടെ വൈകാരികാനുഭൂതിയുടെ ചിഹ്നവുമായ പദങ്ങൾക്ക് പുതിയ അർഥ വ്യാഖ്യാനങ്ങൾ നൽകിയശേഷം അവയെ സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് പ്രയോഗിക്കുന്ന രീതി ചൂഷകർ അവലംബിക്കാറുണ്ട്. Assassin എന്ന വാക്ക് ഇംഗ്ലീഷിന്റെ ഭാഗമായത് കുരിശുയുദ്ധകാലത്താണ്. ക്രൈസ്തവരെ കൊല്ലുന്നത് പുണ്യമായിക്കരുതുന്ന ഗൂഢസംഘങ്ങൾ മുസ്‌ലിംകൾക്കിടയിലുണ്ടെന്നായിരുന്നു പ്രചാരണം. പതിവായി 'ഹശീശ്' പുകക്കുന്ന 'ഹശീശീൻ' ഇത്തരക്കാരായിരുന്നത്രെ. 'ഹശീശീൻ' എന്ന മുസ്‌ലിം ബന്ധമാരോപിക്കപ്പെട്ട അറബിപദം ഇംഗ്ലീഷിൽ 'അസാസിൻ' (കൊലയാളി) എന്ന രൂപത്തിൽ നിലനിൽക്കുകയായിരുന്നു.

'ജിഹാദ്,'ജിഹാദി' എന്നീ പദങ്ങൾക്ക് ഇന്ന് മോശമായ അർഥം കൈവന്നതിനു പിന്നിലും ഭാഷാപരമായ അട്ടിമറിയുണ്ട്. 'ജിഹാദ്' എന്ന അറബി പദത്തിന് 'സമരം' എന്നാണ് അർഥം. അതിന്റെ പല അർഥങ്ങളിൽ ഒന്നുമാത്രമാണ് 'യുദ്ധം.' 'സമര'ത്തിനുമുണ്ടല്ലോ ആ അർഥം. എന്നാൽ 'ഏറ്റവും വലിയ ജിഹാദ്' എന്ന് പ്രവാചകൻ വിശേഷിപ്പിച്ചത് യുദ്ധത്തെയല്ല; സ്വന്തത്തോടുള്ള സമരത്തെയാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരം ജിഹാദായിരുന്നു; ആ നിലക്കുതന്നെ പല മുസ്‌ലിം നേതാക്കളും അതിനെ കാണുകയും ചെയ്തിരുന്നു. എന്നാൽ മുസ്‌ലിം മനസ്സിനെ ആഴത്തിൽ സ്വാധീനിച്ച ഈ വാക്ക് സ്വന്തം രാഷ്ട്രീയ സ്വാർഥങ്ങൾക്ക് ഉപയോഗിക്കാൻ ആധുനിക സാമ്രാജ്യത്വം തീരുമാനിച്ചതോടെയാണ് അതിന് ദുർഗതി തുടങ്ങിയത്.

സോവിയറ്റ് യൂനിയൻ അഫ്ഗാനിസ്താനിൽ അധിനിവേശം നടത്തിയ പശ്ചാത്തലത്തിൽ, 1979-ൽ അമേരിക്കൻ ചാരവിഭാഗമായ സെൻട്രൽ ഇന്റലിജൻസ് ഏജൻസി (സി.ഐ.എ) പാകിസ്താന്റെ ഇന്റർ സർവീസസ് ഇന്റലിജൻസു(ഐ.എസ്.ഐ)മായി ചേർന്ന് അതിവിപുലമായ രഹസ്യയജ്ഞം തുടങ്ങി. അഫ്ഗാൻ ജനതയുടെ സോവിയറ്റ് വിരോധം മുതലെടുക്കുകയായിരുന്നു ലക്ഷ്യം. അധിനിവേശവിരുദ്ധ ഊർജത്തെ ഇസ്‌ലാമിക പദാവലി ഉപയോഗിച്ച് തങ്ങൾക്കുപകരിക്കുന്ന മഹാ പ്രസ്ഥാനമാക്കി മാറ്റിയെടുക്കുക. അമേരിക്കക്കുവേണ്ടി അഫ്ഗാനിസ്താനിൽ 'മുക്ത്യാർ യുദ്ധം'(Proxy war) നടത്തുന്ന വലിയൊരു സേനാവ്യൂഹത്തെ തന്നെ അവർ വാർത്തെടുത്തു. ഏതാനും വർഷങ്ങളായി നടത്തിയ യജ്ഞത്തിലൂടെ, 40 രാജ്യങ്ങളിൽനിന്നുള്ള ഒരുലക്ഷം പേരെ അവർ മസ്തിഷ്ക പ്രക്ഷാളനം നടത്തിയതായാണ് നിരീക്ഷകർ പറയുന്നത് (അരുന്ധതിറോയ്, *ദി അൽജിബ്ര ഓഫ് ഇൻഫിനിറ്റ് ജസ്റ്റിസ്*). അവർ 'ജിഹാദീ' പട്ടാളമായത് ഈ ശിക്ഷണത്തിലൂടെയായിരുന്നു. 'കാഫിർ' എന്നാൽ ഇതര മതസ്ഥരാണെന്നും അവരെ നശിപ്പിക്കുന്നത് പുണ്യമാണെന്നും അവർ പഠിപ്പിക്കപ്പെട്ടു. ഭീകരപ്രവർത്തനങ്ങൾക്ക് 'ജിഹാദ്' എന്ന വിശേഷണം ചാർത്തിക്കൊടുത്തത് ബോധപൂർവമായിരുന്നു. ഇസ്‌ലാമിനെ കരിവാരിത്തേക്കുന്നതിനുവേണ്ടിയല്ല, മറിച്ച് മുസ്‌ലിംകളെ തെറ്റിദ്ധരിപ്പിച്ച് അവരുടെ പിന്തുണ പിടിച്ചെടുക്കുന്നതിനുവേണ്ടി. ഭീകരപ്രവർത്തകരുടെ 'ഇസ്‌ലാമികഭാവം' എടുത്തുകാട്ടപ്പെട്ടത് സി.ഐ.എ-ഐ.എസ്.ഐ മേൽനോട്ടത്തിലുള്ള അഫ്ഗാൻ മദ്റസകളിലാണെന്നത് ശ്രദ്ധേയമാണ്. 'ജിഹാദ്', 'കാഫിർ' തുടങ്ങിയ പദങ്ങൾ അവിടങ്ങളിൽ ആസൂത്രിതമായി ഉപയോഗിക്കപ്പെട്ടു. ഏതു പ്രത്യയശാസ്ത്രവും അതിന്റെ വിശ്വാസങ്ങളുമായി ബന്ധപ്പെട്ട് എതിർ പദങ്ങളുപയോഗിക്കും. യഹൂദർ 'ജെന്റൈൽസ്' (Gentiles) എന്നും ക്രൈസ്തവർ 'പേയ്ഗൻ' (Pagan), 'അവിശ്വാസി' എന്നും, മാർക്സിസ്റ്റുകാർ 'ബൂർഷ്വാസി', 'പിന്തിരിപ്പൻ' എന്നുമെല്ലാം പ്രയോഗിക്കുന്നതുപോലെ പ്രത്യയശാസ്ത്രപരമായി എതിർപക്ഷത്തുനിൽക്കുന്നവരെ സൂചിപ്പിക്കുന്ന പദങ്ങളാണ് 'കാഫിർ', 'മുനാഫിഖ്' തു

ടങ്ങിയവ. പലപ്പോഴും അതത് പ്രത്യയശാസ്ത്രക്കാരിൽ തന്നെയുള്ള ചാഞ്ചാട്ടക്കാരെയും നിഷേധികളെയും സൂചിപ്പിക്കാറുണ്ട് ഇത്തരം പദങ്ങൾ. എന്നാൽ സി.ഐ.എ, ഐ.എസ്.ഐ കൂട്ടുകെട്ട് വർഗീയാർഥത്തിലേക്ക് ഇവയുടെ വിവക്ഷ മാറ്റിക്കൊണ്ടാണ് മദ്റസകളിൽ പരിചയപ്പെടുത്തിയത് (രാഹുൽ മഹാജൻ, റോബർട്ട് ജെൻസൻ, *ഔട്ട്ലുക്ക്* വാരിക, 2001 ഒക്ടോബർ 15). നേർക്കുനേരെ കീഴടക്കാനാവാത്ത അഫ്ഗാൻ ജനതയെ അവർ മതപാഠശാലകളിലൂടെയുള്ള നുഴഞ്ഞുകയറ്റം വഴി മെരുക്കിയെടുത്തു എന്നു കരുതുന്നതിൽ തെറ്റില്ല.

## അറബിക്കല്യാണത്തിന്റെ മറുവശം

1993 ഡിസംബർ 10-ന് ഇന്ത്യൻ പത്രങ്ങളിൽ ഒരു വാർത്ത വന്നു. ഹൈദരാബാദിൽനിന്ന് 20,000 രൂപക്ക് പെൺകുട്ടിയെ 'വാങ്ങിയ' അറബി, അവളെയുംകൊണ്ട് കടക്കാൻ ശ്രമിക്കുമ്പോൾ പിടിയിലായി. ദൽഹി പത്രങ്ങളിൽ ഇത് ഒന്നാംപേജ് വാർത്തയായിരുന്നു. ഭാഷാപത്രങ്ങളിലും കുറേ കോളങ്ങളെടുത്തു ഇത്. പിറ്റേന്ന് പത്രങ്ങൾ മുഖപ്രസംഗങ്ങളെഴുതി; പ്രത്യേക തുടർ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തി.

വിശദാംശങ്ങൾ ഇങ്ങനെ: പരമ ദരിദ്രരാണ് കനീസ് ബീഗത്തിന്റെ മാതാപിതാക്കൾ. അവർ 16 കാരിയായ മകളെ 36 കാരനായ സൗദി പൗരൻ മുഹമ്മദ് അൽ അലായുസിക്ക് 'വിറ്റു.' അറബി കൊടുത്ത 20,000 രൂപയിൽ 9,500 രൂപ കുടുംബത്തെ ഏൽപ്പിച്ച ഇടനിലക്കാരൻ ബാക്കി 10,500 രൂപ സ്വന്തമാക്കി. ഈ അറബിയും അയാളുടെ ബന്ധു ആദിൽ അൽജൗഹറും ഡിസംബർ 9-ന് ദൽഹി നിസാമുദ്ദീനിൽ നിൽക്കെ കൂടെയുണ്ടായിരുന്ന കനീസ് പോലീസിനെക്കണ്ട് പൊട്ടിക്കരഞ്ഞു. പോലീസ് അവളെ 'രക്ഷപ്പെടുത്തി.'അറബികളെ അറസ്റ്റുചെയ്ത് കേസെടുത്തു. അവരെയും അലായുസിയുടെ ഉമ്മ 68 കാരിയെയും കസ്റ്റഡിയിലെടുത്തു. കനീസിനെ 'നാരി നികേതനി'ലയച്ചു.

*പയനിയർ* മുഖപ്രസംഗത്തിൽ(ഡിസംബർ 11) 'മരണവ്യാപാര'ത്തെയും 'പെൺവാണിഭ'ത്തെയും ചൊല്ലി രോഷംകൊണ്ടു; 'ഇര'യെയുംകൊണ്ടു സ്ഥലംവിടും മുമ്പ് 'റാഞ്ചി'യെ പിടിച്ച പോലീസിനെ അഭിനന്ദിച്ചു. *ഇന്ത്യൻ എക്സ്പ്രസ്* ഏതായാലും അതിനെ 'മാംസവ്യാപര'മെന്നു വിളിച്ചില്ല - 'നിക്കാഹ് റാക്കറ്റ്' എന്നേ വിളിച്ചുള്ളൂ. മുമ്പു പുറത്തുവന്ന അമീനാ കേസിലെന്നപോലെ പെൺകുട്ടികളെ അറബികൾക്ക് വിവാഹം കഴിപ്പിച്ചുകൊടുത്ത് 'വിൽക്കുന്ന'രീതിയെ അവരും അപലപിച്ചു.

ബാബരിപ്പള്ളി തകർക്കപ്പെട്ട് ഒരുവർഷം കഴിഞ്ഞപ്പോഴാണിത്. ഒളിഞ്ഞും തെളിഞ്ഞും മുസ്‌ലിം ആചാരങ്ങളെ പത്രങ്ങൾ വിചാരണക്കുവെച്ചു. പക്ഷേ, യഥാർഥത്തിൽ സംഭവിച്ചതെന്തെന്ന് അന്വേഷിക്കാൻ ആരും തയാറായില്ല - ദൽഹിയിലെ വനിതാ മാസികയായ *മാനുഷി*യുടെ എഡിറ്റർ മധു കിഷോർ ഒഴിച്ച്. ജനുവരി 3-ലെ *ദൂരദർശൻ* 'ന്യൂസ്‌വാച്ച്' പരിപാടിയിൽ, താൻ നാരിനികേതനിൽച്ചെന്ന് കനീസിനെ കണ്ട കഥ അവർ പറഞ്ഞു. അവിടത്തെ സൂപ്രണ്ടിനെയും അറബികളെ 'പിടികൂടിയ'സ്ഥലത്തുണ്ടായിരുന്ന വ്യാപാരിയെയെയും കണ്ടു; പെൺകുട്ടിയെ അന്യായമായി പാർപ്പിച്ച് പിഡിപ്പിച്ചു എന്നുപറയുന്ന ഗസ്റ്റ്ഹൗസിലെ ചൗകീദാറെയും ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥനെയും കണ്ടു. അറബികളെ ജയിലിൽ കാണാൻ കഴിഞ്ഞില്ലെങ്കിലും ഒരാളുടെ മൊഴി കാസറ്റിൽ രേഖപ്പെടുത്തി. മധുകിഷോർ കണ്ടെത്തിയ വസ്തുതകൾ ഇവയായിരുന്നു:

അറബികളെ പെൺകുട്ടിയോടൊപ്പം അങ്ങാടിയിൽവെച്ചാണ് പോലീസ് പിടിച്ചതെന്ന പത്രറിപ്പോർട്ടുകളിലെയും പ്രഥമ വിവര റിപ്പോർട്ടിലെയും പ്രസ്താവം തെറ്റായിരുന്നു. കച്ചവടക്കാർ ഒരേ സ്വരത്തിലാണ് സംഭവം നിഷേധിച്ചത്. ഡിസംബർ 8-ന് ഉച്ചക്ക് പോലീസ് അവരുടെ വീട് റെയിഡ് ചെയ്യുകയാണുണ്ടായത്. അവരെ അർധരാത്രിവരെ പോലീസ് സ്റ്റേഷനിൽ നിർത്തി; എന്നിട്ട് ഗസ്റ്റ്ഹൗസിലേക്ക് കൊണ്ടുപോയി. അവർ രാത്രി മുഴുവൻ 'പാറാവ്' നിന്നു. ഒരു പോലീസുകാരൻ കനീസിനെ തന്റെ കിടക്ക പങ്കിടാൻ ക്ഷണിച്ചപ്പോൾ അവൾ നിരസിച്ചു. അവൾ എന്തൊക്കെയാണ് പുറത്തുപറയേണ്ടതെന്ന് പോലീസ് പറഞ്ഞുകൊടുക്കുകയായിരുന്നു. ഇല്ലെങ്കിൽ അവളുടെ മാതാപിതാക്കൾക്ക് പ്രശ്നമാകുമെന്ന് ഭീഷണിപ്പെടുത്തി. എങ്കിലും മജിസ്ട്രേറ്റ് അവളെ സ്വകാര്യമായി വിളിച്ചുചോദിച്ച് കാര്യം ഗ്രഹിക്കുകയും പോലീസുകാരനെ വരുത്തി ശകാരിക്കുകയും ചെയ്തു.

പോലീസ് കെട്ടിച്ചമച്ചതെല്ലാം അതേപടി ആവർത്തിച്ചുകൊണ്ട് ഒരു കുടുംബത്തെയും സമുദായത്തെയും ചീത്തയാക്കാൻ മാധ്യമങ്ങൾക്ക് അറപ്പുണ്ടായില്ല. ജനുവരി 5-ന് കനീസിനോട് മജിസ്ട്രേറ്റ് ചോദിച്ചു, ആരുടെകൂടെ വിടണമെന്ന്. ഭർത്താവിനൊപ്പം എന്നായിരുന്നു മറുപടി (അവളെ ബലമായി പിടിച്ചുകൊണ്ടുപോയി എന്നായിരുന്നല്ലോ വാർത്ത). ഭർത്താവ് സ്ഥലത്തില്ലെങ്കിലോ? മാതാപിതാക്കളോടൊപ്പം എന്ന് കനീസ്.

സ്ത്രീധനത്തിന്റെ സ്ഥാനത്ത് ഇസ്‌ലാമിൽ, വരൻ വധുവിന് നൽകുന്ന സമ്മാനമാണുള്ളത്. അതാണ് പെൺകുട്ടിയെ വിലകൊടുത്തു വാങ്ങലായി മാധ്യമങ്ങൾ ചിത്രീകരിച്ചത്. ഇന്ത്യയിലെ സ്ത്രീധനസമ്പ്രദായം, വിവാഹ മാർക്കറ്റിലെ ഇടപാടുകളും ഇടനിലക്കാരും, നേരത്തേയുള്ള വിവാഹം തുടങ്ങിയ പൊതുപ്രശ്നങ്ങളുടെ പശ്ചാത്തലത്തിലാണ് കനീസ് സംഭവത്തെ വിലയിരുത്തേണ്ടിയിരുന്നത്. ദാരുണമായ സാമൂഹികാവസ്ഥയുടെ അടയാളങ്ങൾ അതിലുണ്ടായിരുന്നു. പക്ഷേ, പത്രങ്ങൾ പൊതുസമൂഹത്തിനു നൽകിയ ചിത്രമെവിടെ, സഹതാപാർഹമായ കുടുംബ-സമൂഹ അവസ്ഥകളെവിടെ!

മുസ്‌ലിംകളിൽ അരുതായ്മകൾ ഇല്ലെന്നല്ല. പക്ഷേ, അവരിലെ അപഭ്രംശങ്ങൾ സാമാന്യവത്കരിക്കുകയും ഒടുവിൽ എല്ലാം അവരുടെ മതത്തിന്റെ ചെലവിലെഴുതുകയും ചെയ്യുന്നതാണ് സത്യമറിയുന്നതിന് തടസ്സമാകുന്നത്. ഇസ്‌ലാമിന്റെ സ്ത്രീവിരുദ്ധതയെപ്പറ്റി ധാരാളം എഴുതിയിട്ടുള്ള അരുൺഷൂരി, പ്രവാചക സൂക്തങ്ങളും ഖുർആൻ വാക്യങ്ങളും വെട്ടിമുറിച്ച് ഉദ്ധരിക്കുന്നു. അതേ മാനദണ്ഡം മനുസ്മൃതി, വേദങ്ങൾ, രാമായണം, രാമചരിതമാനസം തുടങ്ങിയവയുടെ കാര്യത്തിൽ ബാധകമാക്കിയാൽ എങ്ങനെയിരിക്കുമെന്നു മനസ്സിലാക്കുന്നില്ല.

## വി.എസ് നയ്പോൾ എന്ന ബൗദ്ധിക ദുരന്തം

അരുൺഷൂരി, വി.എസ് നയ്പോൾ തുടങ്ങി പ്രശസ്തരായ എഴുത്തുകാർ ആ പ്രശസ്തി ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കരിവാരിതേക്കാൻ ഉപയോഗിച്ചത് ഏറെ ദോഷം ചെയ്തു. മലയാളി എഴുത്തുകാരൻ ആനന്ദും ഒരു ഘട്ടത്തിൽ കേട്ടുകേൾവികളും മുൻവിധികളും പ്രചരിപ്പിക്കാൻ സ്വയം നിന്നുകൊടുത്തു. എന്തിനെ നിരൂപണം ചെയ്യുമ്പോഴും അതിന്റെ ആധികാരിക ഉറവിടങ്ങളെയും സാമൂഹിക യാഥാർഥ്യങ്ങളെയും ആധാരമാക്കുകയാണ് സത്യസന്ധമായ നിലപാട്. എന്നാൽ മുസ്‌ലിംകളുടെ കാര്യത്തിൽ ആധികാരിക പ്രമാണങ്ങളോ കൺമുന്നിലെ യാഥാർഥ്യങ്ങളോ അല്ല, ആരൊക്കയോ പറഞ്ഞു പ്രചരിപ്പിക്കുന്ന അർധസത്യങ്ങളും മുറി ഉദ്ധരണികളും നുണകളുമാണ് ബഹുമാന്യരായ എഴുത്തുകാർപോലും പറഞ്ഞുകൊടുത്തത്. ശരീഅത്ത് വിവാദത്തിൽ ഒച്ചപ്പാടിന് സംഭാവനയർപ്പിച്ച ശേഷമാണല്ലോ ഇ.

എം.എസ് നമ്പൂതിരിപ്പാട് താൻ സംഗതി വേണ്ടത്ര പഠിച്ചിട്ടില്ലെന്ന് തുറന്നുപറഞ്ഞത്.

ചുറ്റിലും ദോഷം മാത്രം കാണുന്ന പ്രകൃതക്കാരനാണ് വി.എസ്. നയ്പോൾ എന്നുപറയാറുണ്ട്. അദ്ദേഹത്തിന്റെ ദോഷൈക ദൃഷ്ടി കുപ്രസിദ്ധമാണ്. പക്ഷേ, ഇസ്‌ലാമിന്റെ കാര്യമാകുമ്പോൾ അദ്ദേഹത്തിന്റെ ശത്രുത പ്രകടമാകുന്നു. അറബിയല്ലാത്ത ഏത് മുസ്‌ലിമും അദ്ദേഹത്തിന് 'മതം മാറിയവനാണ്.' നാല് 'മതപരിവർത്തിത' രാജ്യങ്ങളിലെ (ഇന്തോനേഷ്യ, മലേഷ്യ, പാകിസ്താൻ, ഇറാൻ) സഞ്ചാരാനുഭവങ്ങളാണ് 'ഒരു ഇസ്‌ലാമിക യാത്ര' എന്ന പുസ്തകത്തിന്റെ വിഷയം. അദ്ദേഹത്തിന്റെ മുൻധാരണകളുടെ സ്ഥിരീകരണമാണ്, തുടർ പുസ്തകമായ 'വിശ്വാസത്തിനപ്പുറം' എന്ന ഗ്രന്ഥത്തിലും കാണുക. 'ഇസ്‌ലാം അതിന്റെ മൂല രൂപത്തിൽ ഒരു അറബി മതമാണ്; അറബിയല്ലാത്ത ഏത് മുസ്‌ലിമും മതം മാറിയവനാണ്' - അദ്ദേഹം പറയുന്നു. സ്വന്തം നാടുപേക്ഷിക്കുകയും പാകിസ്താൻകാരിയെ വിവാഹം കഴിക്കുകയും ചെയ്ത ഇന്ത്യൻ വംശജനാണ് മുസ്‌ലിംകളുടെ അന്യവൽക്കരണത്തെ പഴിക്കുന്നത്. എന്നാൽ ക്രിസ്തുമതം ഫലസ്തീൻ മതമാണെന്നോ യൂറോപ്പിലെയും അമേരിക്കയിലെയും ക്രൈസ്തവർ മതപരിവർത്തിതരാണെന്നോ അദ്ദേഹം വാദിക്കുന്നില്ല. ആര്യന്മാർ കൊണ്ടുവന്നതെന്ന് വിശ്വസിക്കപ്പെടുന്ന ഹിന്ദുമതത്തിന്റെ അനുയായികളായ ഭൂരിപക്ഷം ഇന്ത്യക്കാർ മതപരിവർത്തിതരാണെന്ന വാദവും അദ്ദേഹത്തിനില്ല.

ആധികാരിക രേഖകളും ചരിത്രവുമല്ല നയ്പോൾ അവലംബിക്കുന്നത്. വ്യാപകമായി പ്രചരിപ്പിക്കപ്പെട്ട ഇസ്‌ലാം വിരുദ്ധ രചനകളാണ്. അദ്ദേഹം എഴുതുന്നു: 'വടക്കുപടഞ്ഞാറുനിന്ന് ഇറങ്ങിവന്ന ആക്രമണകാരികളാണ്ആദ്യകാല മുസ്‌ലിംകൾ. അവർ ഹിന്ദുസ്താനിലെ ക്ഷേത്രങ്ങൾ കൊള്ളയടിച്ചു; അവിശ്വാസികൾക്കുമേൽ മതം അടിച്ചേൽപ്പിച്ചു.'

ചരിത്ര വിരുദ്ധമായ ഇത്തരം വീക്ഷണങ്ങൾക്ക് എഡ്വേഡ് സെയ്ദ് മറുപടി എഴുതിയതിങ്ങനെ:

'നാനൂറു പേജുള്ള *വിശ്വാസത്തിനപ്പുറം*(ബിയോണ്ട് ബിലീഫ്) എന്ന ഈ ഗ്രന്ഥം ഫലത്തിൽ മൂഢവും നിന്ദാപരവുമായ ഈ സിദ്ധാന്തത്തെ അടിസ്ഥാനമാക്കി മാത്രമുള്ളതാണ്. ഇത് സത്യമോ അസത്യമോ എന്നതിനപ്പുറം, നയ്പോളിനെപ്പോലെ പ്രതിഭയും ബുദ്ധിയുമുള്ള ഒരാൾക്കെങ്ങനെ ബുദ്ധിഹീനവും വിരസവുമായ പുസ്തകമെഴുതാൻ കഴിഞ്ഞു എന്ന ചോദ്യമുണ്ട്. മിക്ക മുസ്‌ലിംകളും മതംമാറിയവർ, എവിടെയായാലും ഒരേ വിധി അനുഭവിക്കേണ്ടവർ എന്നിങ്ങനെ പ്രാകൃതവും ഉപരിപ്ലവവും അപര്യാപ്തവുമായ ഒരേ സിദ്ധാന്തം തെളിയിക്കാനായി ചമച്ച കഥകൾക്കൊണ്ട് നിറച്ചിരിക്കുന്നു ഇത്. ചരിത്രം പ്രശ്നമല്ല, രാഷ്ട്രീയവും തത്ത്വശാസ്ത്രവും നോക്കേണ്ട, ഭൂമി ശാസ്ത്രം വിഷയമേയല്ല - അറബികളല്ലാത്ത മുസ്‌ലിംകൾ അനാധികാരിക പരിവർത്തിതർ മാത്രം; ആ കപട ഭാഗധേയം സഹിക്കേണ്ടവർ എന്നെല്ലാമാണ് വാദം. എനിക്കു തോന്നുന്നു എവിടെയോവെച്ച് നയ്പോൾ തന്നെയാണ് ഇത്തരമൊരു ഗുരുതരമായ ബൗദ്ധിക അത്യാഹിതത്തിന് ഇരയായിട്ടുള്ളതെന്ന്. ഇസ്‌ലാമിനെ മാത്രം ചുറ്റിയുള്ള ഏകവിചാരം അദ്ദേഹത്തിന്റെ ചിന്താശീലത്തെ സ്തംഭിപ്പിച്ചു. എന്നിട്ട്, ഒരേ ഫോർമുല തിരിച്ചും മറിച്ചും പറയുന്ന ഒരുതരം മാനസിക ആത്മഹത്യ ചെയ്യിച്ചു. ഇതിനെയാണ് ഒന്നാന്തരം ബൗദ്ധിക ദുരന്തമെന്ന് വിളിക്കുക.'

പക്ഷേ, 'ദുരന്തബാധിതൻ' നയ്പോൾ മാത്രമല്ല. എഴുത്തും വായനയും സജീവമാവുകയും ലോകമെങ്ങും നേരറിവിനുവേണ്ടിയുള്ള തേട്ടം ഉണർവ് പകരുകയും ചെയ്തപ്പോഴും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ശരിയായി പഠിക്കുന്നത് ഫാഷനായില്ല; ആക്ഷേപിക്കുന്നതാണ് ഫാഷൻ. അതാണ് ബുദ്ധിജീവിതത്തിന്റെ പരമമായ മാനദണ്ഡം എന്നുതോന്നും, കേരളത്തിലെപ്പോലും കുറെ എഴുത്തുകാരുടെയും ചിന്തകരുടെയും രചനകൾ കണ്ടാൽ.

**ഇസ്‌ലാമിന്റെ സ്ത്രീവിരുദ്ധതയെപ്പറ്റി ധാരാളം എഴുതിയിട്ടുള്ള അരുൺഷൂരി, പ്രവാചക സൂക്തങ്ങളും ഖുർആൻ വാക്യങ്ങളും വെട്ടിമുറിച്ച് ഉദ്ധരിക്കുന്നു. അതേ മാനദണ്ഡം മനുസ്മൃതി, വേദങ്ങൾ, രാമായണം, രാമചരിതമാനസം തുടങ്ങിയവയുടെ കാര്യത്തിൽ ബാധകമാക്കിയാൽ എങ്ങനെയിരിക്കുമെന്നു മനസ്സിലാക്കുന്നില്ല.**

ചുരുക്കത്തിൽ, ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഭീകരതയുമായി ചേർത്തുപറയുന്നത് സത്യസന്ധമല്ല. സങ്കുചിത താൽപര്യങ്ങൾമൂലം പടിഞ്ഞാറൻ ഭരണകൂടങ്ങൾ നിർമിച്ച വാർപ്പു മാതൃകയുടെ ഭാഗമാണത്. മുസ്‌ലിംകൾ ഏറ്റവും കൂടുതലുള്ള രാജ്യങ്ങളിൽപ്പെടുന്ന ഇന്ത്യയിലെ (കേരളത്തിലെയും) എഴുത്തുകാരും ബുദ്ധിജീവികളും ഈ വാർപ്പുകളെയാണ് ഏറ്റെടുക്കുന്നത്. ചുറ്റുമുള്ള മുസ്‌ലിംകളെയും അവരുടെ വിശ്വാസാചാരങ്ങളെയും സത്യസന്ധമായി മനസ്സിലാക്കാൻ അവരും ശ്രമിക്കുന്നില്ല. അതിനുമപ്പുറം, പരിസരത്തെ മുസ്‌ലിംകളെപ്പറ്റിപ്പോലും പടിഞ്ഞാറൻ 'വിദഗ്ധർ' പറഞ്ഞുകൊടുക്കുന്നത് ഏറ്റുപാടുകയും ചെയ്യുന്നു. സൗമനസ്യത്തോടെയും ഗുണകാംക്ഷയോടെയും മുസ്‌ലികളെ മനസ്സിലാക്കാനും വിമർശിക്കാനും തയാറാവുകയാണ് സമൂഹനന്മ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടത്. ■